# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 13-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3041

## തുറമുഖങ്ങളുടെ നവീകരണത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിച്ച് വരുന്നത് ; വിവരിക്കാമോ ; | (എ) തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖത്ത് 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്നതരത്തിൽ ആഴക്കടൽ തുറമുഖമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആയതിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ ; | (ബി) വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ , ഫോർക്ക് |

ലിഫ്റ്റ്, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ് മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും എം.ടി മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 ഫീറ്റ് കണ്ടൈനർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം. എസ് തുടങ്ങിയ സൗകര്യങ്ങളും, എം.ടി കേരള, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 40 ഫീറ്റ് കണ്ടൈനർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾക്കുപുറമേ എം.ടി അഴീക്കൽ എന്ന ടഗ്ഗിന്റെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | തുറമുഖ നവീകരണത്തിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നല്കാമോ ? | (സി) | തുറമുഖങ്ങളിലേക്ക് വലിയ ചരക്കു കപ്പലുകളെ ആകർഷിക്കുന്നതിനായി തുറമുഖം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പ്രവർത്തനസജ്ജമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ മുതലായ ഇടങ്ങളിൽ ചരക്കുഗതാഗതം സുഗമമാക്കുന്ന തിന് അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടൈനർ ഹാൻഡ്ലിംഗ് ക്രെയിനുകൾ, 20 ടൺ ക്രെയിനുകൾ, വി.ടി.എം.എസ് സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് .<br><br>വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകൾ വളരെ അത്യാവശ്യമാണ് . ഇതിനായി എം.ടി കേരളം , എം.ടി മലബാർ, എം.ടി അഴീക്കൽ, എം.ടി.ചാലിയാർ, എം.ടി സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സേവനം |

ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളിലെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ ചെലവിൽ അത്യാധുനികവും, ശേഷി കൂടിയതുമായ ഒരു കട്ടർ സക്ഷൻ ഡ്രഡ്ജർ നെതർലാൻഡിൽ നിന്നുംവാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 2013-ൽ പ്രവർത്തനം ആരംഭിച്ച തുറമുഖത്തിന് 49% ഓഹരി കിൻഫ്രക്കാണ്. 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖവികസനത്തിനായി (SPV) പ്രത്യേകോദ്ദേശ്യ കമ്പനി രൂപീകരിച്ചു. കൂടാതെ 496 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുമുണ്ട്. തുറമുഖങ്ങൾ വഴി തിരിച്ചുവിടുന്ന ചരക്കുകൾക്കും .യാത്രാക്കാർക്കും നൽകുന്ന ഇൻസെന്റീവ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**